പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം *578 08.07.2014 ൽ മറുപടിക്ക്

## ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) 17.06.2014 ലെ GO(Ms)No.124/14/Home പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ക്രൈംബ്രാഞ്ച് (സി.ബി.സി.ഐ.ഡി) വിഭാഗത്തിന്റെ അന്വേഷണ ഭാരം കുറയ്ക്കുക, ജില്ലാ തലത്തിൽ തന്നെ സെൻസേഷണൽ കേസുകളുടെ അന്വേഷണം ഫലപ്രദമായി നടത്തുക എന്നീ ലക്ഷ്യങ്ങളാണ് ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) ജില്ലകളിലെ വിവാദമായ കേസ്സുകളും ലോക്കൽ പോലീസ് അന്വേഷിക്കുന്നതിൽ ആക്ഷേപമുള്ളതുമായ കേസ്സുകളും അന്വേഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പുതിയ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | സി) അന്വേഷണ വൈദഗ്ദ്ധ്യമുള്ള പോലീസുദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ നിയമിക്കുന്നത്. ACP/DySP റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ |

| | |
|---|---|
| | പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ, 14 എസ്.ഐ, 14 SCPO, 6 CPO (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈം ബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. |
| ഡി)പ്രസ്തുത സംവിധാനത്തിൽ കേസ്സ് അന്വേഷിക്കുന്നതിനായി പ്രാഗൽഭ്യവും കഴിവുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയും കേസ്സുകൾ അവലോകനം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്. ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ